**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6743 — 09.11.2016- ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിന് വായ്പ നൽകിയ സഹകരണ ബാങ്കുകൾ

**ചോദ്യം**

**ശ്രീ.ചിറ്റയം ഗോപകുമാർ**
**,, ആർ. രാമചന്ദ്രൻ**
**,, ഇ.കെ.വിജയൻ**
**,, വി.ആർ.സുനിൽകുമാർ**

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൺസ്യൂമർ ഫെഡ് അനിയന്ത്രിതമായി സ്റ്റോറുകൾ തുറക്കുകയും, ജീവനക്കാരെ നിയമിക്കുകയും സാമ്പത്തിക അച്ചടക്കമില്ലാതെ പ്രവർത്തിക്കുകയും ചെയ്തതുമൂലം സ്ഥാപനം നഷ്ടത്തിലേക്ക് കൂപ്പുകുത്തിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | 'നന്മ സ്റ്റോറുകൾ' പൂട്ടുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കുമോ; | (ബി) | അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ സഹകരണ സ്ഥാപനങ്ങളോ സർക്കാർ സ്ഥാപനമോ, വാടക രഹിതമായി സ്ഥലം അനുവദിച്ച സ്ഥലങ്ങളിലാണ് നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചത്. കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് ഇവയിൽ പലതും ഒഴിഞ്ഞ്കൊടുക്കുവാൻ കൺസ്യൂമർ ഫെഡറേഷൻ നിർബന്ധിതരായി. അതുമൂലം വിൽപ്പന കുറയുകയും, എല്ലാ നന്മാസ്റ്റോറുകളും തുടർച്ചയായി നഷ്ടത്തിലേയ്ക്ക് നീങ്ങുകയുമുണ്ടായി. ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലിഫോൺ, യാത്രാപ്പടി എന്നിയിനങ്ങളിൽ വരുന്ന സംഖ്യ മുഴുവനായും കൺസ്യൂമർ ഫെഡറേഷന്റെ ബാദ്ധ്യതയായി മാറുകയും ചെയ്തു. ഈ സാഹചര്യങ്ങൾ വിലയിരുത്തിയാണ് നന്മ സ്റ്റോറുകൾ |

| | | | |
|---|---|---|---|
| | | | നിർത്തലാക്കാൻ ഫെഡറേഷൻ നിർബന്ധിതരായത്. |
| | കൺസ്യൂമർ ഫെഡിന് വായ്പ നൽകിയ സഹകരണ ബാങ്കുകൾ പ്രതിസന്ധിയിലായത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | ഉണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുമാണ് ഫെഡറേഷൻ വായ്പയെടുത്തിട്ടുള്ളത്. ഫെഡറേഷന്റെ സാമ്പത്തിക പ്രതിസന്ധി നിമിത്തം ലോൺ തുക യഥാവിധി തിരിച്ചടയ്ക്കാൻ സാധിക്കാത്ത ലോൺ അക്കൗണ്ടുകൾ നോൺ പെർഫോമിങ്ങ് അസറ്റ് ആകുകയുണ്ടായി. പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Regin

സെക്ഷൻ ഓഫീസർ